**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യഘട്ടമായി എവിടെയെല്ലാമാണ് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ആഭിമുഖ്യത്തിൽ ആദ്യ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരം ആട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ പ്രവർത്തനം ആരംഭിച്ചു.<br><br>കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ബി) | ഡ്രൈവിംഗ് പരിശീലനത്തിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; പരിശീലനം നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വിദ്യാർത്ഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിംഗ് സ്കൂളുകളിൽ സജ്ജമാക്കി വരുന്നു. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ പ്രവർത്തന രീതികൾ വിശദമാക്കൽ, മോട്ടോർ വാഹന വകുപ്പിന്റെയും, പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ ക്ലാസുകൾ എന്നിവ നൽകി വരുന്നു.<br><br>പരിശീലനം നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ട്.<br><br>HMV – 9,000/-,<br><br>LMV – 9,000/-,<br><br>LMV + മോട്ടോർ സൈക്കിൾ (വിത്ത് & വിത്തൌട്ട് ഗിയർ) - 11,000/-, |

| | | | |
|---|---|---|---|
| | | | മോട്ടോർ സൈക്കിൾ (വിത്ത് & വിത്തൌട്ട് ഗിയർ) – 3,500/-. |

സെക്ഷൻ ഓഫീസർ